DESPATCHED 24/1/2020

13-1-20

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.1125(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No. 14210/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ജി. രാജ്മോഹൻ,
8/359, കല്ലേക്കുളങ്ങര പി.ഒ.,
പാലക്കാട് – 678 009. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
മാനേജർ ഇ.ഐ.,
ജില്ലാ വ്യവസായ കേന്ദ്രം,
പാലക്കാട്. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23/07/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18/08/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 29/08/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 01/09/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/09/2015, 30/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 10/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | പ്രതിനിധി ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ജി.രാജ്മോഹൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ലഭ്യമല്ല എന്ന മറുപടിയാണ് എതിർകക്ഷി നൽകിയത് എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ഉണ്ടായിരുന്നിട്ടും നൽകാത്തതാണെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ശ്രീ. രാജ്മോഹൻ എന്ന മാനേജർ ഓഫീസ്സിൽ മദ്യപിച്ചാണ് എത്തുന്നത് എന്ന്, ക്ലാർക്ക് ശ്രീ. ജാക്സൺ ഔദ്യോഗിക നിലയിൽ മൊഴി നൽകുന്നതിന് മുൻപ് ഓഫീസ് മേധാവിക്ക് അത് സംബന്ധിച്ച വിവരമോ പരാതിയോ സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകണമെന്നും

ii. ഓഫീസ് സമയം കഴിഞ്ഞ ശേഷം പുറത്തു നിന്നും ആളുകളെ കൂട്ടി ഓഫീസിൽ മദ്യപാനം നടത്തുന്നതായും ശ്രീ. ജാക്സൺ വെളിപ്പെടുത്തിയിരിക്കുകയാൽ പ്രസ്തുത വിവരം സംബന്ധിച്ച് ഓഫീസ് മേധാവിക്ക് റിപ്പോർട്ട് ലഭിക്കുകയുണ്ടായോ എന്നും ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 'ലഭ്യമല്ല' എന്നാണ് അറിയിച്ചത്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. രാജ്മോഹൻ ജി., മാനേജർ ഓഫീസിൽ മദ്യപിച്ചു എത്തുന്നു എന്ന് ശ്രീ.ജാക്സൺ എൻ., ക്ലാർക്ക് വാക്കാൽ മൊഴി നൽകി എന്നതല്ലാതെ മേൽപ്പടി വിഷയം സംബന്ധിച്ച് ഓഫീസ് മേധാവിയ്ക്ക് അതിന് മുൻപ് പരാതിയോ വിവരമോ രേഖാമൂലം നൽകി എന്നതിന് തെളിവുകളോ രേഖകളോ ഇല്ല എന്നും അപ്രകാരം തന്നെ രാജ്മോഹൻ ഓഫീസ് സമയത്തിനുശേഷം പുറത്തു നിന്നും ആളുകളെ കൂട്ടി ഓഫീസിൽ മദ്യപാനം നടത്തുന്നതായും ശ്രീ. ജാക്സൺ വാക്കാൽ മൊഴി നൽകി എന്നതല്ലാതെ മേൽപ്പടി വിഷയം സംബന്ധിച്ച് ഓഫീസ് മേധാവിയ്ക്ക് അതിന് മുൻപ് പരാതിയോ, റിപ്പോർട്ടോ രേഖാമൂലം നൽകി എന്നതിന് തെളിവുകളോ രേഖകളോ ഇല്ല എന്നും അപ്രകാരം തന്നെ ശ്രീ. രാജ്മോഹൻ ഫയലിൽ കൂടി പക പോക്കുകയും ഫയൽ പാർട്ടികൾക്ക് നൽകുകയും ചെയ്യുന്നു എന്ന് ശ്രീ.ജാക്സൺ വാക്കാൽ മൊഴി നൽകി എന്നല്ലാതെ അക്കാര്യം രേഖാമൂലം അറിയിച്ചിട്ടില്ല എന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരന്റെ പ്രതിനിധി ബോധിപ്പിച്ചത്, കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ടിയാന് അയച്ചു നൽകിയിട്ടില്ല എന്നാണ്. അത്തരത്തിലുള്ള റിപ്പോർട്ട് അയച്ചു എന്നു സ്ഥാപിച്ചു വ്യാജമായി രേഖകൾ ഉണ്ടാക്കുന്നതല്ലാതെ അത്തരം റിപ്പോർട്ട് അയച്ചു നൽകാറില്ല എന്നും മറ്റുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി ഹർജിക്കാരന് ആദ്യം നൽകിയ മറുപടി അവ്യക്തമായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച അവസരത്തിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഓരോ ഇനം സംബന്ധിച്ചും വ്യക്തമായ വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽപ്പടി റിപ്പോർട്ടിന്റെ പകർപ്പ് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസങ്ങൾക്കകം ഹർജിക്കാരന് സൗജന്യമായി രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION